"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.വി.ഐ.അനു - വിന്റെ ഭാര്യയുടെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.101/2025/F&WLD** **തീയതി,തിരുവനന്തപുരം, 11-03-2025**

---

പരാമർശം :- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 18.09.2019 - ലെ എച്ച്.2-23739/15, 29.12.2023, 06.08.2024 തീയതികളിലെ KFDHQ/3424/2022-ADMIN/H2 നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പ് ആസ്ഥാനത്ത് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലാർക്ക്, ശ്രീ.വി.ഐ.അനു - വിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സഹിതം പരാമർശം (1) - ലെ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ സീനിയർ ക്ലാർക്ക്, ശ്രീ.വി.ഐ. അനുവിന്റെ ഭാര്യയുടെ ചികിത്സയ്ക്ക് 29.10.2018- മുതൽ 21.01.2019 വരെ തിരുവനന്തപുരം കിംസ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ/ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിരിക്കുന്ന തുകയായ 54,597/- രൂപയുടെ 80 ശതമാനമായ 43,678/- രൂപ (നാൽപ്പത്തി മൂന്നായിരത്തി അറുന്നൂറ്റി എഴുപത്തി എട്ട് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) തിരുവനന്തപുരം (അപേക്ഷയും അനുബന്ധരേഖകളും സഹിതം).

ശ്രീ.വി.ഐ.അനു, സീനിയർ ക്ലാർക്ക് [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖാന്തരം].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ (ലോൺസ്) വകുപ്പ്(നം.2442716/എൽ5/73/2023/ധന തീയതി 03/03/2025).
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 11-03-2025 13:38:43
സെക്ഷൻ ഓഫീസർ